**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 188** **04-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയുടെ സമഗ്ര പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. യു. ആർ. പ്രദീപ്,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടപ്പാക്കുന്ന നയപരിപാടികളുടെ ഫലമായി ബാങ്കിംഗ് പ്രവർത്തനങ്ങളിൽ രാജ്യത്തെ ഒന്നാമത്തെ സഹകരണ ബാങ്കായി കേരള ബാങ്കിനെ മാറ്റുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ചു കൊണ്ട് കേരള സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും കുറഞ്ഞ നിരക്കിൽ വാണിജ്യ സ്വകാര്യ ബാങ്കുകൾ നൽകുന്ന എല്ലാ നൂതന ബാങ്കിംഗ് സേവനങ്ങളും ലഭ്യമാക്കുക, കർഷകർക്കും സംരംഭകർക്കും കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കി കാർഷിക/ ചെറുകിട വ്യവസായ മേഖലയിൽ വൻ പുരോഗതി സാധ്യമാക്കുക, പ്രാഥമിക വായ്പ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തി കേരളത്തിലെ സഹകരണ മേഖലയുടെ സമഗ്ര പുരോഗതി ഉറപ്പു വരുത്തുക, കേരളത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് സഹകരിച്ച് ത്വരിത വികസനം സാധ്യമാക്കുക തുടങ്ങിയ ബഹുമുഖ ലക്ഷ്യങ്ങളോടെയാണ് സംസ്ഥാന, ജില്ലാ ബാങ്കുകളെ സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചിട്ടുള്ളത്. ലോകത്താകമാനം ബാങ്കിംഗ് മേഖല സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. സഹകരണ ബാങ്കുകൾക്ക് രംഗത്ത് പിടിച്ചുനിൽക്കണമെങ്കിൽ മൂലധനം വർദ്ധിപ്പിക്കേണ്ടതും സാങ്കേതിക വിദ്യയിലൂടെ ആധുനിക സേവനങ്ങൾ നടപ്പിലാക്കേണ്ടതുമുണ്ട്. ഇതിനായി ഏകീകൃത കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കി മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷൻ ഉൾപ്പെടെ ലഭ്യമാക്കിയിട്ടുണ്ട്. ലയന സമയത്ത് ഉണ്ടായിരുന്ന 1151 കോടി രൂപയുടെ സഞ്ചിത നഷ്ടം 476 കോടി രൂപയായി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. നിലവിൽ സഞ്ചിത നഷ്ടത്തിലായതിനാലും, നിഷ്ക്രിയ ആസ്തി** |

റിസർവ് ബാങ്ക് നിഷ്കർഷിച്ചിട്ടുള്ള മിനിമം പരിധിയ്ക്ക് മുകളിൽ നിലനിൽക്കുന്നതിനാലും ഇന്റെർനെറ്റ് ബാങ്കിംഗ്, NRI അക്കൗണ്ട് എന്നിവയ്ക്ക് RBI അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയതിനാൽ ചുരുങ്ങിയ വർഷം കൊണ്ട് കേരളത്തിന്റെ സാമ്പത്തിക മേഖലയിലെ നിർണ്ണായക ശക്തിയായി മാറുക എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തുന്നതിനുള്ള ശ്രമത്തിലാണ് കേരള ബാങ്ക്. എന്നാൽ കോവിഡ്, പ്രളയം തുടങ്ങിയ പ്രതിസന്ധിഘട്ടങ്ങളിൽ അടിസ്ഥാന ജനവിഭാഗങ്ങൾക്ക് സഹായകമായിട്ടുള്ള ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തുകയും തുടർന്ന് ബാങ്കിന്റെ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ സമയ ബന്ധിതമായ കർമ്മ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയതിലൂടെ ഒട്ടേറെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരള ബാങ്കിന്റെ പ്രഥമ ഭരണസമിതിയുടെ ആദ്യ 4 വർഷങ്ങളിൽ നടപ്പിലാക്കിയ പ്രത്യേക കർമ്മ പദ്ധതികൾ ചുവടെ പറയുന്നു.

<u>Be The Number one</u> - 2021 ഡിസംബർ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള നാല് മാസത്തെ ബി ദ നമ്പർ വൺ ക്യാമ്പയിനിൽ നിക്ഷേപത്തിൽ 1920 കോടി രൂപയുടെയും, CASA നിക്ഷേപത്തിൽ 2690 കോടി രൂപയുടെയും, സ്വർണ്ണപണയ വായ്പയിൽ 533 കോടി രൂപയുടെയും വർദ്ധനവുണ്ടായി. നിഷ്ക്രിയ ആസ്തി 5930 കോടി രൂപ കുറഞ്ഞു. മൊത്തം ബിസിനസിൽ 2035 കോടി രൂപയുടെ വർദ്ധനവുണ്ടായി. 2021-22 സാമ്പത്തിക വർഷത്തെ മൊത്തം ബിസിനസിന്റെ 70 % നാലുമാസത്തെ ബി ദ നമ്പർ വൺ ക്യാമ്പയിൻ മുഖേന കൈവരിച്ചതാണ്.

<u>Mission 100 days</u> - Mission 100 Days എന്ന കർമ്മ പദ്ധതിയിലൂടെ 01-08-2022 മുതൽ 08-11-2022 വരെയുള്ള 100 ദിന പരിപാടിയിൽ 100% കരുതൽ വച്ച വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ശ്രദ്ധയൂന്നിയുള്ള പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഇതുവഴി 252 കോടി രൂപ തിരിച്ചടപ്പിയ്ക്കുന്നതിന് സാധിച്ചു.

<u>Mission 24</u> - കേരള ബാങ്കിനെ രാജ്യത്തെ ഒന്നാമത്തെ ബാങ്കുകളിൽ ഒന്നാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 01-04-2023 മുതൽ 31-03-2024 വരെയുള്ള കാലയളവിൽ മിഷൻ 24 എന്ന പേരിൽ പ്രത്യേക കർമ്മ പദ്ധതി നടപ്പിലാക്കി.

<u>Mission Rainbow</u> - 2024 - മിഷൻ 24 കാലയളവിലെ 2023 നവംബർ 1 മുതൽ 2024

| | | | |
|---|---|---|---|
| | | | ഫെബ്രുവരി 8 വരെയുള്ള 100 ദിവസം തീവ്ര കടിശ്ശിക നിവാരണം ലക്ഷ്യമിട്ട് ബാങ്ക് ഭരണസമിതിയുടെയും ജീവനക്കാരുടെയും നേതൃത്വത്തിൽ പ്രത്യേക പ്രവർത്തനം നടത്തി.<br><br>മേൽ പ്രസ്താവിച്ച പ്രവർത്തനങ്ങളിലൂടെ കേരള ബാങ്കിന്റെ ബിസിനസ്സ് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു. 31-12-2024 ലെ ബാങ്കിന്റെ ആകെ വായ്പാ ബാക്കിനിൽപ്പ് 10000 കോടിയിലേറെ വർദ്ധിച്ച് 50000 കോടി പിന്നിട്ടു. 50000 കോടി വായ്പാ ബാക്കിനിൽപ്പ് കൈവരിക്കുന്ന രാജ്യത്തെ ഏക സഹകരണ ബാങ്കാണ് കേരള ബാങ്ക്. ബാങ്കിന്റെ നിഷ്ക്രിയ ആസ്തി 11.45 ശതമാനം എന്ന കഴിഞ്ഞ 5 വർഷത്തെ ഏറ്റവും കുറഞ്ഞ നിലയിൽ എത്തിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.<br><br><u>ഭാവി പ്രവർത്തനങ്ങൾ</u> - 2025 അന്തർദേശീയ സഹകരണ വർഷമായി ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ചിട്ടുള്ളതും, കേരള ബാങ്ക് ഭരണസമിതിയുടെ അഞ്ചാം വർഷവും കണക്കിലെടുത്ത് ഒരു വർഷത്തെ കർമ്മ പദ്ധതി തയ്യാറാക്കി ബിസിനസ് വർദ്ധിപ്പിച്ച് കേരള ബാങ്കിനെ സംസ്ഥാനത്തെ ബാങ്കിംഗ് രംഗത്ത് ഒന്നാം സ്ഥാനത്തെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിച്ചു വരുന്നത്. ടി കർമ്മ പദ്ധതിയുടെ 2025 മാർച്ച് 31 ന് അവസാനിക്കുന്ന 4 മാസങ്ങളിലെ പ്രവർത്തനങ്ങളിലൂടെ സഞ്ചിത നഷ്ടം ഇല്ലാതാക്കി ലാഭ പ്രഖ്യാപനം നടത്തുന്നതിനും തുടർന്നുള്ള മാസങ്ങളിലെ പ്രവർത്തനത്തിലൂടെ ബിസിനസ്സ് വർദ്ധിപ്പിച്ച് ഒന്നാം സ്ഥാനത്തെത്തുന്നതിനുമുള്ള തീവ്ര പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇതിനായി സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടുകൂടി സംസ്ഥാന സഹകരണ ചരിത്രത്തിലെ ഏറ്റവും ആകർഷകമായ കുടിശ്ശിക നിവാരണ പദ്ധതി തയ്യാറാക്കി, കാലങ്ങളായി നിഷ്ക്രിയ ആസ്തിയായി തുടരുന്ന 100 ശതമാനം കരുതൽ വച്ചിട്ടുള്ള 1800 കോടി രൂപയുടെ വായ്പ തിരിച്ചു പിടിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുന്നു. പ്രഥമ ഭരണസമിതിയുടെ കാലാവധി പൂർത്തിയാകുന്ന 2025 നവംബർ മാസത്തിന് മുൻപ് കേരള ബാങ്ക് രൂപീകരണ സമയത്ത് വിഭാവനം ചെയ്ത എല്ലാ ലക്ഷ്യങ്ങളും കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. |
| (ബി) | കേരള ബാങ്കിന് അഞ്ച് വർഷം കൊണ്ട് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ; | (ബി) | 29-11-2019 ൽ കേരള ബാങ്ക് രൂപീകൃതമാകുമ്പോൾ ആകെ നിക്ഷേപം 61,038 കോടി രൂപ ആയിരുന്നത് 31-03-2024 ലെ ഓഡിറ്റ് ചെയ്ത കണക്ക് പ്രകാരം |

6,941 കോടി രൂപ വർദ്ധിച്ച് 67,979 കോടി രൂപയായി. അതുപോലെ വായ്പ 40,157 കോടി രൂപ ആയിരുന്നത് 8,446 കോടി രൂപ വർദ്ധിച്ച് 48,603 കോടി രൂപയായി. ആകെ നിഷ്ക്രിയ ആസ്തി കേരള ബാങ്ക് രൂപീകരിക്കുമ്പോൾ 15.26 ശതമാനം ആയിരുന്നത് 31-03-2024 ലെ കണക്ക് പ്രകാരം 11.45 ശതമാനം ആയി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ ആകെ ബിസിനസ്സിൽ 15,387 കോടി രൂപയുടെ വർദ്ധനവും ഈ കാലയളവിൽ കേരള ബാങ്കിന് നേടാൻ കഴിഞ്ഞിട്ടുണ്ട്. കേരള ബാങ്ക് നിലവിൽ വന്ന ശേഷം സംസ്ഥാനത്തുടനീളമുള്ള പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ വഴി കാർഷിക വായ്പകൾ നിലവിലുണ്ടായിരുന്ന പലിശ നിരക്കിൽ നിന്നും 1% കുറവു ചെയ്യും നബാർഡിൽ നിന്നും 3% പലിശ സബ് വെൻഷൻ ലഭ്യമാക്കിയും കർഷകർക്ക് 3% മാത്രം പലിശ ബാധ്യത വരുന്ന വായ്പകൾ വിതരണം ചെയ്തു വരുന്നു. കൂടാതെ കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമാക്കി post harvesting activities ലൂടെ മൂല്യവർധിതവും വൈവിധ്യപൂർണവുമായ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനായി കേരളത്തിലെ കാർഷിക മേഖലയെ സജ്ജ മാക്കുന്നതിനായി നബാർഡ് സബ്സിഡിയോടു കൂടി 1% പലിശ നിരക്കിൽ PACS as MSC വായ്പകൾ നൽകി വരുന്നു. ഇത്തരം പ്രവർത്തനങ്ങൾ കാർഷിക മേഖലയെ സ്വയം പര്യാപ്തതയിലെത്തിക്കാനും അതിലൂടെ പാർശ്വവത്ക്കരിക്കപ്പെട്ട കർഷകരെ മുഖ്യധാരയിലെത്തിക്കാനും കർഷകരുടെ വരുമാനം ഇരട്ടിയായി വർധിപ്പിക്കുന്നതിനും സഹായകരമാണ്. ഉല്പാദന സേവന മേഖലകൾക്ക് പ്രയോജനം ലഭിക്കുന്നതിനുള്ള 15-ലധികം MSME വായ്പകളാണ് കേരള ബാങ്ക് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. KB MSME, KB Suvidha Plus, KB Mithra, KB Yuva Mithra, KB Smart, KB Pravasi Kiran, KB Pravasi Bhadratha, KB Navajeevan, KB Vyapar Mithra, KB Sevanidhi ഉടങ്ങിയ വായ്പ്പകളും ഉല്പാദന, സേവന പ്രവർത്തനങ്ങൾക്ക് പിൻബലം നൽകിക്കൊണ്ട് വനിതകളുടെ ശാക്തീകരണം ലക്ഷ്യമിട്ട് കുടുംബശ്രീ, വനിതാ സംഘങ്ങൾക്ക് KB മൈക്രോഫിനാൻസ് വായ്പയും അനുവദിച്ച് നൽകി വരുന്നുണ്ട്. കുടുംബശ്രീയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് 20 ലക്ഷം രൂപ വരെ SHG വായ്പയും കൂട്ടുത്തരവാദിത്ത വനിതാ സംഘങ്ങൾക്ക് 10 ലക്ഷം രൂപ വരെ JLG വായ്പയും അനുവദിച്ച് നൽകുന്നുണ്ട്. ദേശസാൽകൃത

| | | | |
|---|---|---|---|
| | | | ബാങ്കുകൾ നൽകി വരുന്ന എല്ലാ സേവനങ്ങളും കുറഞ്ഞ നിരക്കിൽ സഹകരണ മേഖലയിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള ബാങ്ക് രൂപീകരിച്ചിട്ടുള്ളത്. കേരള ബാങ്കിലെ ഏകീകൃത സോഫ്റ്റ് വെയർ സംവിധാനം പൂർണ്ണമായും നിലവിൽ വന്നു കഴിഞ്ഞു. കൂടാതെ RTGS/NEFT, CTS Clearing, സമ്പൂർണ്ണ CBS സംവിധാനം, UPI സേവനങ്ങൾ എന്നിവയും, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ഡിജിറ്റൽ സേവനങ്ങൾ നൽകുന്നതിനായുള്ള KB Prime Plus, വ്യക്തിഗത ഉപഭോക്താക്കൾക്കായി KB Prime തുടങ്ങി രണ്ട് പുതിയ മൊബൈൽ ആപ്ലിക്കേഷനുകളും ഉണ്ട്. KB Prime ആപ്പ് വഴി ഓൺലൈൻ പെയ്മെന്റ്, ഇകോമേഴ്സ്, ഫണ്ട് ട്രാൻസ്ഫർ തുടങ്ങിയ UPI സൗകര്യങ്ങളും IMPS, NEFT, Bill Payment സേവനങ്ങളും ലഭിക്കുന്നു. Google Pay, Phone Pay, Paytm സൗകര്യങ്ങളും Prime ആപ്പിൽ ലഭ്യമാണ്. ബാങ്കിംഗ് സാങ്കേതിക വിദ്യയും സാമ്പത്തിക സാക്ഷരതാ അവബോധവും ഗ്രാമ പ്രദേശങ്ങളിലെ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി കേരള ബാങ്കിന്റെ ATM ഡെമോൺസ്ട്രേഷൻ വാനുകൾ ജില്ലകൾ തോറും പ്രവർത്തനം നടത്തിവരുന്നു. കുട്ടികളിൽ സമ്പാദ്യ ശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ കേരള ബാങ്ക് ആവിഷ്കരിച്ച പ്രത്യേക നിക്ഷേപ പദ്ധതിയാണ് വിദ്യാനിധി. 10 മുതൽ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സ്വന്തം പേരിൽ വിദ്യാനിധി അക്കൗണ്ട് ആരംഭിക്കാം. വിദ്യാനിധി അക്കൗണ്ടിനോടൊപ്പം രക്ഷിതാക്കൾക്ക് പ്രിവിലേജ് അക്കൗണ്ട് സൗകര്യവും ലഭിക്കുന്നു. |
| (സി) | യുവതലമുറയെ സഹകരണ മേഖലയിലേക്ക് ആകർഷിക്കുന്നതിനും മെച്ചപ്പെട്ട തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും ബാങ്ക് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ലക്ഷ്യത്തിലേക്കെത്തുന്നുണ്ടോ; വിശദമാക്കുമോ? | (സി) | യുവജനങ്ങളെ കൂടുതലായി സഹകരണ പ്രസ്ഥാനത്തിലേയ്ക്ക് ആകർഷിക്കുക എന്നത് ഈ അന്തർദേശീയ സഹകരണ വർഷത്തിലെ ഐക്യരാഷ്ട്ര സഭയുടെ മുഖ്യലക്ഷ്യങ്ങളിൽ ഒന്നാണ്. അതിനനുസൃതമായ ബാങ്കിംഗ് ഉൽപ്പന്നങ്ങളും സേവനങ്ങളും ബാങ്ക് രൂപകൽപ്പന ചെയ്തു വരുന്നു. ഇതിനായി എല്ലാ വിഭാഗം കറണ്ട്/സേവിംഗ്സ് അക്കൗണ്ടുകൾക്ക് ബാങ്ക് മിനിമം ബാലൻസ്/ ത്രൈമാസ ശരാശരി ബാലൻസ് എന്നീ നിബന്ധനകൾ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേരള ബാങ്കിന്റെ ലോക്കർ വാടക ഗ്രാമീണ മേഖലയിൽ പ്രതി വർഷം വെറും 500 രൂപ മാത്രമാണ്. ഇത് ഈ മേഖലയിലെ ഏറ്റവും കുറഞ്ഞ നിരക്കുകളിലൊന്നാണ്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ |

| | | | |
|---|---|---|---|
| | | | **പ്രോഗ്രാമിന്റെ (ASAP) വിവിധ നൈപുണ്യ വികസന കോഴ്സുകളിലേയ്ക്ക് പ്രവേശനം നേടുന്ന വ്യക്തികൾക്ക് അനുവദിക്കുന്ന വായ്പയായ KB-Skill Loan ബാങ്കിലൂടെ നടപ്പിലാക്കി വരുന്നു. തൊഴിലധിഷ്ഠിത നൈപുണ്യ വികസനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും പരിശീലനം നൽകുന്നതിന് കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണിത്. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക വായ്പകൾ (MSME) പ്രോത്സാഹിപ്പിക്കുന്നതിനായി KB-MSME Mithra, KB Suvidha MSME, KB GST Mithra എന്നീ വായ്പാ പദ്ധതികളും, യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി KB-Yuvamithra വായ്പാ പദ്ധതി കൂടാതെ സർക്കാർ സബ്സിഡിയോടു കൂടി നടപ്പിലാക്കുന്ന KB SMART വായ്പാ പദ്ധതി, പ്രവർത്തന മൂലധനത്തിനായി അനുവദിക്കുന്ന കാലാവധി വായ്പാ പദ്ധതികളായ KB- Vyapar Mithra, KB- Vyapar Mithra Plus എന്നിവയും വിജയകരമായി നടപ്പാക്കി വരുന്നു.** |

സെക്ഷൻ ഓഫീസർ